തീർത്ഥാടകരെ ആകർഷിക്കുന്നതിനുമായി പല പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി എരുമേലിയിൽ ഒരു പിൽഗ്രിം അമിനിറ്റി സെന്റർ സ്ഥാപിക്കുന്നതിനായി 114 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതുകൂടാതെ വടശ്ശേരിക്കരയിൽ ഒരു പിൽഗ്രിം ഷെൽട്ടർ നിർമ്മിക്കുന്നതിനും, എരുമേലിയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കുടിവെള്ളം ലഭ്യമാക്കുന്നതിനും വേണ്ട നടപടികൾ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ മുഖേന സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ പമ്പാനദിയുടെ തീരത്ത് ഒരു വാട്ടർസൈഡ് അമിനിറ്റിയുടെ നിർമ്മാണം പൂർത്തിയായിവരുന്നു. കുളനടയിൽ ഒരു പിൽഗ്രിം അമിനിറ്റി സെന്ററിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതിക്കാവശ്യമായ സ്ഥലം ലഭിക്കുന്നതിനായി പത്തനംതിട്ട ജില്ലാ കളക്ടർ മുഖാന്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഇടുക്കി ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലാണ് ഇക്കാര്യത്തിൽ മുൻകൈ എടുക്കേണ്ടത്. ശബരിഗിരി പദ്ധതി പ്രദേശത്ത് ടൂറിസം വികസിപ്പിക്കുവാനുള്ള പരിപാടികളൊന്നും ഇപ്പോൾ വൈദ്യുതി ബോർഡിന്റെ പരിഗണനയിലില്ല എന്നാണ് മനസ്സിലാക്കുന്നത്.

122 (1725) ടൂറിസം വകുപ്പ് വാങ്ങിയ വാഹനങ്ങൾ

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷം ടൂറിസം വകുപ്പ് എത്ര പുതിയ വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്;

(ബി) ഈ വാഹനങ്ങൾ ഏതെങ്കിലും മന്ത്രിമാർ ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ ആരെല്ലാമെന്ന് പറയുമോ;

(സി) ഇവയ്ക്കോരോന്നിനും എന്തു തുകവീതം ചെലാവായിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 16

(ബി) ഉണ്ട്. താഴെ പറയുന്ന 11 പേർക്ക് അവർക്ക് നൽകിയിരുന്ന പഴയ കാറുകൾക്കു പകരം ഇക്കൊല്ലം പുതിയ കാറുകൾ നൽകിയിട്ടുണ്ട്.

സ്പീക്കർ

റവന്യൂ വകുപ്പു മന്ത്രി

തദ്ദേശഭരണ വകുപ്പുമന്ത്രി

വിദ്യാഭ്യാസ- പൊതുമരാമത്ത് വകുപ്പുമന്ത്രി

ഫിഷറീസ്- സാംസ്കാരിക വകുപ്പുമന്ത്രി

വനം- ഗതാഗത വകുപ്പുമന്ത്രി

വ്യവസായ- സാമൂഹ്യക്ഷേമ വകപ്പുമന്ത്രി

ആരോഗ്യ-സ്പോർട്സ് വകുപ്പുമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്കക്ഷേമ വകുപ്പുമന്ത്രി

കൃഷി വകുപ്പുമന്ത്രി

ഭക്ഷ്യ- വിനോദസഞ്ചാര - നിയമവകുപ്പുമന്ത്രി

(സി) വിശദവിവരം ചുവടെ ചേർക്കുന്നു.

എണ്ണം	ഇനം	നിരക്ക് ലക്ഷം രൂപ	ആകെ ലക്ഷം രൂപ
1.	ഓപ്പൽ അസ്ട്രാ	8.50	8.50
3.	മിത് സുബിഷി	8.56	25.68
2.	സീലോ	6.50	13.00
3.	അംബാസഡർ (പെട്രോൾ)	4.00	12.00
7.	അംബാസഡർ (ഡീസൽ)	4.60	32.20

123 (1726) വിനോദസഞ്ചാരവകുപ്പിന്റെ വരവുചെലവുകൾ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര പ്രവർത്തനങ്ങളിൽ വരുമാനത്തേക്കാളധികം ചെലവു വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചൈത്രം പോലുള്ള ഹോട്ടലുകളിലെ ഭക്ഷ്യോൽസവങ്ങൾ വരുമാനത്തേക്കാളധികം ചെലവു വരുത്തുന്നുണ്ടോ;

(സി) വിനോദസഞ്ചാര വകുപ്പിന്റെ കീഴിലുള്ള ഹോട്ടലുകളിൽ ഓഡിറ്റിംഗ് നടത്തുന്നതാരാണ്.

(ഡി) ഏതെങ്കിലും തലത്തിൽ അഴിമതി നടക്കുന്നതായി ഓഡിറ്റ് റിപ്പോർട്ടിലൂടെ വെളിവായിട്ടുണ്ടോ;

(ഇ) എങ്കിൽ കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുഎന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വാണിജ്യാടിസ്ഥാനത്തിൽ വിനോദ സഞ്ചാരമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനം കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ആണ്. ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ വരുമാനത്തേക്കാളധികം ചെലവ് ഇപ്പോൾ ഇല്ല.

(ബി) ഇല്ല.

(സി) വിനോദസഞ്ചാരവകുപ്പിന്റെ കീഴിൽ ഹോട്ടലുകളൊന്നുമില്ല. കെ.ടി.ഡി.സിയുടെ ഹോട്ടലുകളിൽ ഓഡിറ്റിംഗ് നടത്തുന്ന ഏജൻസികൾ താഴെ പറയുന്നവയാണ്.

1. കേന്ദ്രസർക്കാർ നിയമിക്കുന്ന സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർമാർ.

LIBRARY ARCHIVES Kerala Legislative Assembly